# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1275/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1275/2021 തീയ്യതി: 06/10/2021

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 18-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-09-2021 | 29-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2021 | 29-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ).
ശ്രീ.ജയകുമാർ പാലൊളി .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ.എൻ രാജീവൻ .സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.ജാസിർ സി.എം. ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കൂമുള്ളി കരുണാകരൻ | പ്രസിഡന്റ് | 01-04-2020 | 31-12-2020 |
| ശ്രീമതി.ഷീബ മലയിൽ | പ്രസിഡന്റ് | 11-01-2021 | 31-03-2021 |
| ശ്രീ.സുജിത്ത് ടി.വി | സെക്രട്ടറി | 01-04-2020 | 23-06-2021 |
| ശ്രീ.എൻ പ്രദീപൻ | സെക്രട്ടറി | 24-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രകാശൻ പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.ബാബു ആരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീമതി.സുമിത കെ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.റുമീള | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2020 | 08-09-2020 |
| ശ്രീമതി.ശോഭന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-09-2020 | 31-03-2021 |
| ശ്രീമതി.വിദ്യാ ബാബു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷബ്ന | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ശിവപ്രസാദ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദ | 01-04-2020 | 31-03-2021 |
| ഡോ.സുനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ.ഷിനോജ് | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ശ്രീ.രവീന്ദ്രൻ വള്ളിൽ | ഹെഡ്മാസ്റ്റർ | 01-04-2020 | 06-07-2020 |
| ശ്രീ.ദിനേശൻ | ഹെഡ്മാസ്റ്റർ | 07-07-2020 | 31-03-2021 |
| ശ്രീമതി.സുധ | വി.ഇ.ഒ | 01-04-2020 | 01-11-2020 |
| ശ്രീ.ബൈജു സി.പി | വി.ഇ.ഒ | 02-11-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 16-09-2020 |
| ശ്രീ.ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 17-09-2020 | 31-03-2021 |
| ശ്രീമതി.ജിഷ ഒ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-1 |
| 2 | ബജറ്റ് പ്രൊവിഷനനുസൃതമായി വാർഷിക പദ്ധതി തയ്യാറാക്കിയിട്ടില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-1-1 |
| 3 | ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തി<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-1-2 |
| 4 | എം ജി എൻ ആർ ഇ ജി എസ് പദ്ധതിക്ക് തുക വകയിരുത്തിയത് ക്രമപ്രകാരമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-1-3 |
| 5 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-2 |
| 7 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-2-1 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-4 |
| 10 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-4-1 |
| 11 | പദ്ധതി പ്രവർത്തനങ്ങൾ - അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-6 |
| 13 | ക്യാഷ് പരിശോധന<br>Written By: Srijith K.V (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-7 |
| 14 | റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 04-10-2021) | 1-8 |
| 15 | രശീത് പിരിവിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-9 |
| 16 | മരണപ്പെട്ട പെൻഷനറെ ഗുണഭോക്തൃപട്ടികയിൽ നിന്നും നീക്കം ചെയ്തില്ല.<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-10 |
| 17 | ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചു.<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-11 |

| | | |
|---|---|---|
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-12 |
| 19 | കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച .<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-13 |
| 20 | കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തിയില്ല.<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-14 |
| 21 | തനത് വരുമാന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Srijith K.V (Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-15 |
| 22 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-16 |
| 23 | ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തി<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-17 |
| 24 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-18 |
| 25 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-19 |
| 26 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-20 |
| 27 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗങ്ങൾക്ക് ഭക്ഷണ വിതരണം നടത്താതെ ഹെൽപ്പർക്ക് ഹോണറേറിയം മാത്രം നൽകി.<br>Written By: Jayakumar Paloli (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-21 |
| 28 | പോത്ത് കുട്ടി വിതരണം പദ്ധതിയിൽ എരുമകുട്ടികളെയും വിതരണം ചെയ്തു .<br>Written By: Jayakumar Paloli (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-22 |
| 29 | തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യതയില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-23 |
| 30 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർക്കും നെൽകൃഷിക്ക് കൂലിചെലവ് ധനസഹായം നൽകി.<br>Written By: Jayakumar Paloli (Asst. Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-24 |
| 31 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-25 |
| 32 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.<br>Written By: Jasir C M (Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-26 |
| 33 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് വിതരണം-പഠനം പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് ആനുകൂല്യം അനുവദിച്ചു. | 1-27 |

| | | |
|---|---|---|
| | Written By: Jasir C M (Auditor, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | |
| 34 | കോവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-28 |
| 35 | ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി.<br>Written By: Srijith K.V (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 1-29. |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 28-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 28-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 27-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 26-09-2021)<br>Last Updated By: Vasudevan M (Deputy Director, On 05-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകത

മാന്വൽ നിഷ്കർഷിക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് തയ്യാറാക്കിയ സ്ഥാപനത്തിന്റെ ബജറ്റ് 20.3.2020ലെ 68/20നമ്പർ തീരുമനപ്രകാരം താഴെ കൊടുത്തരീതിയിൽ സ്ഥാപനം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുൻബാക്കി | 4586120 |
| വരവ് | 190778174 |
| ആകെ | 195364294 |
| ചെലവ് | 191574674 |
| നീക്കിയിരിപ്പ് | 3789620 |

എന്നാൽ താഴെ കൊടുത്ത അപാകതകൾ ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും സംഭവിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് പ്രൊവിഷനനുസൃതമായി വാർഷിക പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തെ ഡി പി സി അംഗീകരിച്ച വാർഷികപദ്ധതി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.ഇത് ഡി പി സി യിൽ നിന്നും ലഭ്യമായിട്ടില്ലെന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഈ വാർഷിക പദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതി 10.3.2020ലെ 48/20നമ്പർ തീരുമാനപ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. 8.21 കോടി വകയിരുത്തിയ 167പ്രൊജക്റ്റുകൾ ഉൾക്കൊള്ളുന്നതാണ് ഈ വാർഷിക പദ്ധതി.എന്നാൽ വാർഷിക പദ്ധതിയെ ബജറ്റിൽ ഉൾക്കൊള്ളുന്ന ഷെഡ്യൂളുകളിലെ വകയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

| വരവ് വകയിരുത്തൽ | | | ചെലവ് വകയിരുത്തൽ | | |
|---|---|---|---|---|---|
| ബജറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുക | | ആകെ തുക | ബജറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുക | | ആകെ തുക |
| ബജറ്റ് ഷെഡ്യൂൾ 4 | 8.43കോടി | 10.75 കോടി | ബജറ്റ് ഷെഡ്യൂൾ 9 | 8.63 കോടി | 11 കോടി |
| ബജറ്റ് ഷെഡ്യൂൾ 7 | 2.32കോടി | | ബജറ്റ് ഷെഡ്യൂൾ 12 | 2.37 കോടി | |

മേൽ വകയിരുത്തലുകളിൽ എൻ ആർ ഇ ജി എസ് പദ്ധതിക്കുള്ള വരവ് ചെലവിനങ്ങൾ കൂടി ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വരവ് വകയിരുത്തൽ | | |
|---|---|---|
| ബജറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുക | | ആകെ തുക |
| ബജറ്റ് ഷെഡ്യൂൾ 4 | 4.19 കോടി | 4.29കോടി |
| ബജറ്റ് ഷെഡ്യൂൾ 7 | 10ലക്ഷം | |

മേല്പറഞ്ഞതിൽ നിന്നും വാർഷിക പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയ തുക 5.71കോടി രൂപയാണെന്ന് കാണാം(11-4.29) എൻ ആർ ഇ ജി എസ് പദ്ധതിയെ വാർഷിക പദ്ധതി ഉൾക്കൊള്ളാത്തതിനാലാണ് ഈ പദ്ധതിക്ക് വകയിരുത്തിയ തുക ബജറ്റിലെ ബജറ്റ് ഷെഡ്യൂൾ 4, 7 എന്നിവയിലെ ആകെ വകയിരുത്തലിൽ നിന്നും

കുറവ് വരുത്തിയത്. 8.21 കോടിയുടെ വാർഷിക പദ്ധതിക്ക്, ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ഭരണസമിതി അംഗീകാരം നല്കിയിട്ടും, ബജറ്റിൽ പദ്ധതിക്കായി 5.71കോടി രൂപ മാത്രം വകയിരുത്തിയത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. ബജറ്റും വാർഷിക പദ്ധതിയും പരസ്പരബന്ധമില്ലാതെ പോകുന്നുവെന്നും ബജറ്റിന് അർഹിക്കുന്ന പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

1-1-2 ബജറ്റ് പ്രൊവിഷനില്ലാതെ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്ക് തുക വകയിരുത്തി

10.3.2020ലെ 48/20നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയ്ക്കായി 35.1ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പരിശോധിച്ചതിൽ 25ലക്ഷം രൂപ മാത്രമാണ് പദ്ധതിയ്ക്കായി ലഭ്യമായതെന്ന് കാണുന്നു. മുന്നിരിപ്പ്,തനത് വരുമാനം,ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പടെ 22307620/-രൂപ ലഭ്യമായതിൽ 16018000/-രൂപയുടെ റവന്യൂ ചെലവും 3789620/-രൂപ നീക്കിയിരിപ്പും കഴിച്ചാണ് മേൽ തുക ലഭിക്കുന്നത്. വർഷാവസാനം പദ്ധതിയും ബജറ്റും പുതുക്കിയപ്പോഴും ഇത് പരിഹരിക്കാതെ, കൂടുതൽ തുക വകയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. അന്തിമ ചെലവ് പത്രിക പ്രകാരം 53.19 ലക്ഷം പദ്ധതിയ്ക്കായി വകയിരുത്തി 1114268/-രൂപ ചെലവഴിച്ചു.എന്നാൽ പുതുക്കിയ ബജറ്റിൽ 848628/-രൂപ മാത്രമാണ് തനത് ഫണ്ടിൽ പദ്ധതിയ്ക്കായി ലഭ്യമായത്. ബജറ്റ് പ്രൊവിഷന് പുറത്ത് തനത് ഫണ്ട് വകയിരുത്തിയത് കൂടാതെ, പ്രൊവിഷനില്ലാതെ 265640/-രൂപ (1114268-848628)വിനിയോഗിക്കുന്നതിനും ഇത് ഇടയാക്കി.

1-1-3 എം ജി എൻ ആർ ഇ ജി എസ് പദ്ധതിക്ക് തുക വകയിരുത്തിയത് ക്രമപ്രകാരമല്ല

ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സ്ഥാപനം തയ്യാറാക്കി അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം, പദ്ധതിയ്ക്കായി 4കോടി രൂപയുടെ പ്രവൃത്തികളാണ് ഓഡിറ്റ് വർഷത്തേക്ക് വിഭാവനം ചെയ്തത്. ഇതിൽ 1.6കോടിയുടെ മെറ്റീരിയൽ വർക്കും 2.4കോടി രൂപയുടെ അൺസ്കിൽഡ് വർക്കും ഉൾപ്പെടുന്നു. എന്നാൽ ഖണ്ഡിക 1-1-1 ൽ സൂചിപ്പിച്ചപോലെ റവന്യൂചെലവുകൾക്ക്(അൺസ്കിൽഡ് വർക്ക്) 4.19 കോടി രൂപയും മൂലധനചെലവുകൾക്ക് 10 ലക്ഷം രൂപയുമാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ബജറ്റിൽ നിന്നും തികച്ചു വ്യത്യസ്തമായി വരവ് ചെലവുകൾ വന്നിട്ടും ബജറ്റ് പുതുക്കിയപ്പോഴും യാതൊരു മാറ്റവും വകയിരുത്തലിൽ വരുത്തിയില്ല. 45.09രൂപയുടെ മെറ്റീരിയൽ വർക്കും 3.46കോടി രൂപയുടെ അൺസ്കിൽഡ് വർക്കും ഓഡിറ്റ് വർഷം നിർവ്വഹിച്ചിട്ടുണ്ട് എന്നത് ഇവിടെ പ്രസക്തമാണ്.

1-1-4 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ,വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേ.പ.രാജ് ആക്ട്, സെക്ഷൻ214(5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വിവിധ വരവ് ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് പുതുക്കിയതു കൊണ്ടും ഇപ്രകാരം അപാകതയുണ്ടായിട്ടുണ്ട്. ഇതിന്റെ ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>ക്രമനം</th><th>ഹെഡ്</th><th colspan="2">ബജറ്റ് പ്രൊവിഷൻ</th><th>പുതുക്കിയ ബജറ്റ് പ്രൊവിഷൻ</th><th>വാർഷിക കണക്ക പ്രകാരമുള്ളത്</th></tr>
<tr><td>1</td><td>170</td><td colspan="2">275000</td><td>50000</td><td>138176</td></tr>
<tr><td>2</td><td>171</td><td colspan="2">250000</td><td>250000</td><td>294647</td></tr>
<tr><td>3</td><td>250</td><td colspan="2">7347514</td><td>2774884</td><td>5642939</td></tr>
<tr><td>4</td><td>251</td><td colspan="2">67785866</td><td>40884164</td><td>63875085</td></tr>
<tr><td>5</td><td>255</td><td colspan="2">80000000</td><td>8000000</td><td>8410428</td></tr>
<tr><td>6</td><td>320</td><td>84287674</td><td rowspan="3">ആകെ<br>173056674</td><td rowspan="3">ആകെ<br>135953819</td><td rowspan="3">ആകെ<br>167270579</td></tr>
<tr><td>7</td><td>160</td><td>65600000</td></tr>
<tr><td>8</td><td>320</td><td>23169000</td></tr>
</table>

ധന മാനേജ് മെന്റിന്റെ അടിസ്ഥാന തത്വങ്ങൾ പോലും പരിഗണിക്കാതെ ബജറ്റ് തയ്യാറാക്കിയതിനും ബജറ്റ് പ്രൊവിഷനില്ലാതെ ചെലവ് നടത്തിയതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അർഹിക്കുന്ന പ്രാധാന്യം ബജറ്റിന് നല്കാത്തതും വിശദീകരിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതും 2022-23വർഷത്തെ ബജറ്റ് മുതൽ അപാകതകൾ പരിഹരിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 15.07.2021 | -- | -- |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Sale Of Tender Forms ഇനത്തിൽ(RP-5) തൻവർഷം 55220/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് തുക 46672/-രൂപയാണ്.എന്നാൽ മേൽ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-Block Panchayath | 746427 |
| Contribution For Joint Venture Projects (For Revenue Expenditure)-Block Panchayath | 55000 |
| Contribution For Joint Venture Projects (For RevenueExpenditure)-From District Panchayaths | 250000 |
| ആകെ | 1051427 |

4.ഇ-ടെണ്ടർ ഫീ ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല.

5.ആസ്തികൾക്ക് ഡിപ്രിസിയഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6.എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള തുകയും ഇ.എഫ്.എം.സ് തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള തുക(Income And Expenditure+Capital Contribution) | Efms പ്രകാരം ആകെ വരവ് | വ്യത്യാസം |
|---|---|---|
| 44600543 | 42736000 | 1864543 |

7.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി ,ഫ്ലഡ് സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

9.വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതിൽ സേവന സോഫ്റ്റ്വേർ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സേവന സോഫ്റ്റ്വെയർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13803900 | 9379800 |
| വാർദ്ധക്യ കാല പെൻഷൻ | 38422300 | 25794900 |
| വികലാംഗ പെൻഷൻ | 8119300 | 5512100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പെൻഷൻ | 3348400 | 2269100 |
| വിധവാ പെൻഷൻ | 26185200 | 17708100 |

10.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13444000 |
| വരവ് | 70992525 |
| ആകെ | 84436525 |
| ചെലവ് | 70202110 |
| നീക്കിയിരിപ്പ് | 14234415 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11522775 | 11522775 | 11522775 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3193373 | 3193373 | 2838427 | 354946 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13775000 | 13775000 | 13775000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4068430 | 4068430 | 3526406 | 542024 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | | 5280000 | 5280000 | 1397075 | 3882925 |
| | അൺ-ടൈഡ് | | 11752333 | 11752333 | 6783109 | 4969224 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 416176 | 843438 | 1259614 | 770000 | 489614 |
| ടോട്ടൽ സാനിറ്റേഷൻ | | 650 | 0 | 650 | 0 | 650 |
| എസ്.എസ്.എ | | 426057 | 11707 | 437764 | 0 | 437764 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | | 1107975 | 2190416 | 3298391 | 2259616 | 1038775 |
| സാക്ഷരത | | 13179 | 420 | 13599 | 119 | 13480 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2020-21 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ

അപാകതകൾ ചുവടെ കൊടുക്കുന്നു.

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉല്പാദനം | 3334920 | 8682769 |
| വികസനഫണ്ട് ജനറൽ | സേവനം | 10545777 | 41402143 |
| വികസനഫണ്ട് എസ്.സി.പി. | ഉല്പാദനം | 315000 | 1890000 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 7389766 | 3243850 |
| സംരക്ഷണഗ്രാന്റ് -റോഡ് | പശ്ചാത്തലം | 17945000 | 19430000 |
| സംരക്ഷണഗ്രാന്റ് -റോഡിതരം | ഉത്പാദനം | 225000 | 450000 |
| | സേവനം | 2735056 | 3509056 |
| | പശ്ചാത്തലം | 2111514 | 261514 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied+Un-Tied) | ഉത്പാദനം | 360640 | 2520820 |
| | സേവനം | 5163287 | 27744480 |
| | പശ്ചാത്തലം | 6192702 | 300000 |

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

<u>1-5 പദ്ധതി പ്രവർത്തനങ്ങൾ - അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 10.12കോടി | 162 | 5.2 കോടി | 14 | 59 | |

235 പ്രൊജക്ടുകൾക്കായുള്ള 10.12കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 5.2കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. സർക്കാർ ഗ്രാന്റിനങ്ങളിൽ പ്ലാൻ (ജനറൽ), മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നിവയിലൊഴികെ,ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| Scp | 3208000 | 2853055 | 354945 |
| Cfc | 9376000 | 8180184 | 1195816 |
| | | | |

| | | | |
|---|---|---|---|
| മെയിന്റനൻസ് റോഡിതരം | 4110000 | 3567976 | 542024 |
| ആകെ | | | 2092785 |

മൂന്ന് ഗ്രാന്റിനങ്ങളിലായി 20.93ലക്ഷം രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ യഥാർത്ഥ നഷ്ടം ഇതിൽ കൂടുതലാണ്. 2019-20വർഷത്തിൽ ക്യൂ ബിൽ ആയ 6793716/- രൂപയുടെ ബാധ്യത ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് താഴെ പറയും പ്രകാരം വഹിച്ചത് .

| ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|
| Scp | 233550 |
| Cfc | 2099605 |
| മെയിന്റനൻസ് റോഡിതരം | 289265 |
| മെയിന്റനൻസ് റോഡ് | 4171296 |
| ആകെ | 6793716 |

തൻവർഷത്തെ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിച്ചിരുന്നെങ്കിൽ , ഇത്രയും തുക അധിക അലോട്ട്മെന്റായി സ്ഥാപനത്തിന് ലഭിക്കുമായിരുന്നു.അതുകൊണ്ട് തന്നെ ഇത്രയും തുകകൂടി നഷ്ടപ്പെട്ടതായി പരിഗണിക്കാം. ഇത് കൂടി പരിഗണിക്കുമ്പോൾ ഗ്രാന്റിനങ്ങളിൽ ആകെ നഷ്ടം 8886501/-രൂപയുണ്ടെന്ന് കാണാം. കേന്ദ്ര,സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായിട്ടുണ്ട്.

നിർവ്വഹണാനന്തരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യാത്തത് നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ തടസ്സമായിട്ടുണ്ട്.

ഇക്കാര്യത്തിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിഷയത്തിൽ സ്ഥാപനത്തിന്റെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6293 | 1860229 | 1866522 | 1864543 | 1979 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 36635000 | 36635000 | 36635000 | 0 |
| ആകെ | 6293 | 38495229 | 38501522 | 38499543 | 1979 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11042 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-8 റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്ഥാപനം മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. 1999-2000 വർഷം മുതൽക്കുള്ള റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശ്രദ്ധയിൽ പെടുത്തുന്ന അപാകതകൾ സമയബന്ധിതമായി തീർപ്പാക്കുകയെന്നത് സ്ഥാപനത്തിന്റെ കാര്യക്ഷമതയ്ക്കുള്ള സാക്ഷ്യപത്രമാണെന്നത് ഇവിടെ ശ്രദ്ധേയമാണ്. കഴിഞ്ഞ 3 വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുകയല്ല ,മറിച്ച് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം നല്കുകയെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. 2018-19വർഷത്തെ റിപ്പോർട്ടിൽ ഖണ്ഡിക 1-8 ൽ പരാമർശിച്ച അപാകതയ്ക്ക് മറുപടി നല്കിയത് ഇതിന് ഉദാഹരണമാണ്. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച 1149കെട്ടിടങ്ങളുള്ളതിൽ 355 കെട്ടിടങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തവയിൽ പെടുന്നുള്ളൂ എന്നും മറ്റ് കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യത നിലനില്ക്കുന്നുവെന്നും,

ഇവ നേരിൽ പരിശോധിച്ച് നിജസ്ഥിതി മനസ്സിലാക്കി നടപടി സ്വീകരിക്കണമെന്നുമാണ് റിപ്പോർട്ടിൽ പരാമർശിച്ചത്.തൊഴിൽ നികുതി നഷ്ടം, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത(ഖണ്ഡിക1-7) എന്നിവയുള്ള സാധ്യതയാണ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ മിക്ക സ്ഥാപനങ്ങളും ഒഴിഞ്ഞുകിടക്കുന്നതായാണ് കാണാൻ സാധിച്ചത് എന്നാണ് മറുപടി നല്കിയത്. ഈ സ്ഥലപരിശോധനയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ സ്ഥലപരിശോധന നടത്താതെയാണ് മറുപടി നല്കിയതെന്നാണ് വ്യക്തമാക്കിയത്. കൂടാതെ തൊഴിൽ നികുതി ഡിമാന്റ് നൂറ് ശതമാനമാക്കാൻ ഖണ്ഡികയിൽ പരാമർശിച്ച 5 നിർദ്ദേശങ്ങൾ 2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽ നടപ്പിലാക്കി, ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ ഖണ്ഡികയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് ഇവിടെ പ്രസക്തമാണ്.

റിപ്പോർട്ട് ചെയ്യപ്പെടുന്ന അപാകതകൾ പരിഹരിക്കപ്പെടാതെ നിലനിൽക്കാൻ , റിപ്പോർട്ടുകളോടുള്ള മേൽ സമീപനം കാരണമാകുന്നുണ്ട്. ഓഡിറ്റ് ഫലപ്രാപ്തിയില്ലാത്ത ഒരു പ്രക്രിയയാകാൻ ഇത് ഇടയാകുമെന്ന് ശ്രദ്ധയിൽപെടുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും,ഓഡിറ്റ് പരാമർശങ്ങളിൽ സമയബന്ധിതമായി ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-9 രശീത് പിരിവിലെ അപാകതകൾ

2020-21 വർഷത്തെ രശീത് ബുക്കുകൾ, സാംഖ്യ രശീത് കൗണ്ടർഫോയിൽ ,ഡേബുക്ക്, ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ നിന്നും രശീത് പിരിവ് നടപടിക്രമങ്ങളിൽ അപാകതകളുണ്ടായതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് നോട്ടീസ് ഫീ ഈടാക്കിയതിൽ അപാകത.

സഞ്ചയ പ്രകാരം വസ്തുനികുതിയുമായി ബന്ധപ്പെട്ട ആകെ ഡിമാന്റുകൾ 13496 എണ്ണമാണ്. ആയതിൽ 4726 നികുതിദായകർക്ക് കുടുംബശ്രീ പ്രവർത്തകർ മുഖേന 5 രൂപ പ്രതിഫല നിരക്കിൽ 2020-21 വർഷത്തെ വസ്തുനികുതി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ആദ്യത്തെ നോട്ടീസ് നൽകിയതിന് ശേഷവും നികുതി അടക്കുന്നതിൽ വീഴ്ച വരുത്തിയനികുതിദായകർക്ക് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്ഷൻ ക്ലർക്ക് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 2021 ജനുവരി മാസത്തിലാണ് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ 23630 രൂപ കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയ 4726 പേരിൽ ഏകദേശം 3787 നികുതി ദായകരിൽ നിന്നും 26508 രൂപ മാത്രമെ നോട്ടീസ് ഫീ ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ. (7 രൂപ നിരക്കിൽ).939 നികുതിദായകരിൽ നിന്നും നോട്ടീസ് ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് ലഭിച്ചതും ഇ-പേമെന്റ് സൗകര്യം ഉപയോഗപ്പെടുത്തി നികുതി അടവാക്കിയ നികുതിദായകരിൽ നിന്നും നോട്ടീസ് ഫീ ഡിമാന്റിൽ ഉൾകൊള്ളിച്ച് ഈടാക്കു ന്നതിനുള്ള സൗകര്യം സഞ്ചയ സോഫ്റ്റ്വെയറിൽ ഏർപ്പെടുത്തിയിട്ടുമില്ല. നോട്ടീസ് ഫീ 7 രൂപയായി നിശ്ചയിച്ചതിന് ആധാരമാക്കിയ ഉത്തരവ്/ഭരണസമിതി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടം 14 പ്രകാരം ഡിമാന്റ് നോട്ടീസുകളിൽ ഓരോ അർദ്ധവർഷവും വസ്തുനികുതിയുടെ വിവരം, വസ്തുനികുതി പിഴ കൂടാതെ അടവാക്കേണ്ട അവസാന തിയ്യതി എന്നിവ നോട്ടീസിലൂടെ നികുതിദായകനെ അറിയിക്കേണ്ടതുണ്ട്. എന്നാൽ ഒന്നാം അർദ്ധവർഷം അവസാനിച്ചതിന് ശേഷമാണ് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. വീഴ്ച മൂലം ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നത് കൊണ്ടുള്ള ഉദ്ദേശ്യം പൂർണ്ണമായി നിറവേറപ്പെട്ടിട്ടില്ല. ഫീൽഡ് തല പിരിവിന്റെ മേൽപരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ നോട്ടീസ് ഫീയുടെ പിരിവിന്റെ കൃത്യത ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയതും അപാകതക്ക് കാരണമായിട്ടുണ്ട്.

ഡിമാന്റ് നോട്ടീസ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതിദായകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 214 നികുതിദായകർ മാത്രമാണ് ഇ-പേയ്മെന്റ് സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഇ-പേമെന്റ് സൗകര്യത്തെകുറിച്ച് വ്യാപകമായ പ്രചരണം നൽകി നികുതി പിരിവിന് വേണ്ടി വിനിയോഗിക്കുന്ന മനുഷ്യശേഷി കുറച്ച് കൊണ്ടുവരേണ്ടതാണ്. കുറഞ്ഞ മനുഷ്യശേഷി ഉപയോഗിച്ച് ഡിമാന്റ് നോട്ടീസുകൾ ഓൺലൈനായി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

2. നോട്ടീസ് ഫീ ഏകീകൃത നിരക്കിൽ ഈടാക്കുന്നില്ല.

2020-21 വർഷത്തിൽ ഭൂരിഭാഗം നികുതി ദായകരിൽ നിന്നും 7 രൂപ നിരക്കിലാണ് നോട്ടീസ് ചാർജ്ജിലാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ ഫീൽഡ് തല കളക്ഷൻസഞ്ചയയിൽ പോസ്റ്റ് ചെയ്യുമ്പോഴുണ്ടാകുന്ന വിത്യാസം

ക്രമീകരിക്കുന്നതിനായി രശീതിന്റെ അസ്സലിൽ തിരുത്തൽ വരുത്തി നോട്ടീസ് ചാർജ്ജ് കുറവ് ചെയ്ത് പോസ്റ്റ് ചെയ്യുന്നതായി കാണുന്നു .ഉദാഹരണം 06.03.2021 തിയ്യതിയിലെ രശീത് നമ്പർ 3157/11, 3157/12, നമ്പർ രശീത് പ്രകാരമുള്ള നോട്ടീസ് ചാർജ്ജ് തിരുത്തി വസ്തുനികുതി, ഗ്രന്ഥശാലാവരി എന്നിവയിലേക്ക് ക്രമീകരിച്ചിരിക്കുന്നു. സഞ്ചയയിലെ ഡിമാന്റിനനുസരിച്ച് രശീതിൽ തിരുത്തൽ വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫീൽഡ് തല നികുതി പിരിവിന് വേണ്ടി സഞ്ചയയിൽ നിന്നും ജനറേറ്റ് ചെയ്തെടുക്കുന്ന ഡിമാന്റ് റിപ്പോർട്ടും സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്ന സമയത്തെ ഡിമാന്റ് റിപ്പോർട്ടിലും ഉണ്ടാകുന്ന വ്യതിയാനമാണ് മേൽ അപാകതക്ക് കാരണമാകുന്നതെന്ന് ബന്ധപ്പെട്ട ജീവനക്കാർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ അപാകത പരിഹരിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഐ.കെ.എം നോട് ആവശ്യപ്പെടേണ്ടതാണ്.

1-10 <u>മരണപ്പെട്ട പെൻഷനറെ ഗുണഭോക്തൃപട്ടികയിൽ നിന്നും നീക്കം ചെയ്തില്ല.</u>

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ശ്രീ.ഗംഗാധരൻ, ഉണ്ണിയേപ്പൻകണ്ടി, എളാട്ടേരി പി.ഒ എന്നവർ 18.04.2021 ന് ഉണ്ണിയേപ്പൻകണ്ടി എന്ന വീട്ടിൽ വെച്ച് മരണപ്പെടുകയും ഗീത, ഉണ്ണിയേപ്പൻകണ്ടി എന്നവർ 27.04.2021 തിയ്യതിയിൽ ടിയാന്റെ മരണം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. 07.05.2021 തിയ്യതിയിൽ 48/2021 നമ്പറായി ശ്രീ.ഗംഗാധരന്റെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതിയിലെ സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ശ്രീ.ഗംഗാധരനെ പെൻഷൻ ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടില്ലെന്നും 2021 ആഗസ്റ്റ് വരെയുള്ള പെൻഷൻ ശ്രീ.ഗംഗാധരന്റെ കേരള ഗ്രാമീൺ ബാങ്കിന്റെ 40235100103878 നമ്പർ അക്കൗണ്ട് മുഖേന വിതരണം ചെയ്തതായി കാണുന്നു.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണമായിരുന്നിട്ടും യഥാസമയം ഗുണഭോക്താവിനെ സസ്‌പെൻഡ് ചെയ്യുന്നതിലുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ മുഖേന വിവരശേഖരണം, വിവരവിശകലനം എന്നിവ സാധ്യമല്ലാതിരുന്നതും അപാകതക്ക് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടാകുന്ന മരണങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ മുഖേനയാണ് രജിസ്റ്റർ ചെയ്യുന്നത്.മേൽ സോഫ്റ്റ്‌വെയറിലെ ഡാറ്റ സേവന പെൻഷൻ-വെബ്ബ് സോഫ്റ്റ്‌വെയറിലെ ഡാറ്റയുമായി ബന്ധപ്പെടുത്തി മനുഷ്യശേഷി കൂടാതെ ഡിജിറ്റലായി വിശകലനം ചെയ്യുന്നതിന് മേൽ സോഫ്റ്റ്‌വെയറുകളിൽ സൗകര്യം ഒരുക്കിയിട്ടില്ല.
2. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്നതും അതാതിടങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതുമായ (സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ മുഖേന) പഞ്ചായത്തിലെ താമസക്കാരായവരുടെ മരണവിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലോക്കൽ ഹോസ്റ്റ് സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ മുഖേന റിപ്പോർട്ടായി ലഭ്യമാകുന്നതിനുള്ള സൗകര്യം നിലവിലില്ല. ഇത് മൂലം ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്ത് വെച്ച് മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി യഥാസമയം സസ്‌പെൻഡ് ചെയ്യുന്നതിന് സ്ഥാപനത്തിന് സാധിക്കാതെ വരുന്നു.

മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി സസ്‌പെൻഡ് ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ സോഫ്റ്റ്‌വെയർ തയ്യാറാക്കിയ സ്ഥാപനത്തിന് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും മരണപ്പെട്ട ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച അധിക തുകയായ 6400 രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ മുഴുവനായും പെൻഷൻ ഗുണഭോക്തൃപട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-11 <u>ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചു.</u>

ഫയൽ നം- എ3/6571/20

അശോകൻ കുട്ടിപ്പറമ്പിൽ , മേലൂർ എന്നവർക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 20.03.2019 ലെ BL/197/18-19 നമ്പറായി പെർമിറ്റ് നൽകിയിരുന്നു.പെർമിറ്റ് അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഓവർസിയർ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 42 ലെ വ്യവസ്ഥകൾ

പാലിക്കുന്നില്ലെന്നും അപാകതകൾ പരിഹരിച്ച് പ്ലാൻ പുനസമർപ്പിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് അപേക്ഷകൻ പെർമിറ്റ് അപേക്ഷ പുനസമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ നം- എ3/6571/20 പ്രകാരം അപേക്ഷകൻ പൂർത്തീകരണ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 42 (4) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ആയത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, ഹെഡ് ക്ലർക്ക് എന്നിവർ കുറിപ്പ് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും കെട്ടിടത്തിന് നമ്പർ അനുവദിച്ച് ഒക്യുപൻസി അനുവദിച്ചതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ 29.09.2021 തിയ്യതിയിൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് മേൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

അപകടകരമായതും അശാസ്ത്രീയവുമായ നിർമ്മാണങ്ങളെ നിയന്ത്രിക്കുക, ശാസ്ത്രീയമായ നഗരവികസനം ഉറപ്പാക്കുക, കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉറപ്പ് വരുത്തുക എന്നിവ കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതലയിൽ ഉൾപ്പെടുന്നതാണ്. പെർമിറ്റ് അനുവദിക്കുന്ന സമയത്ത് ചൂണ്ടികാണിക്കപ്പെട്ടതും പരിഹരിച്ച് പുനസമർപ്പിച്ചതുമായ പ്ലാൻ പ്രകാരമുള്ള നിർമ്മാണം ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തിയ എൽ.ബി.എസിൽ നിന്നും വിശദീകരണം തേടേണ്ടതും കെട്ടിടത്തിൽ ഭേദഗതി വരുത്തുന്നതിന് ഉടമക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. നടപടികൾ സ്വീകരിക്കും വരെ കെട്ടിടത്തെ അനധികൃത നിർമ്മാണമായി പരിഗണിച്ച് കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം

FTE&OS ലൈസൻസ് ഡിമാന്റിന്റെ പൂർണ്ണത എന്നിവ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിപൂർണ്ണമാക്കി പരിപാലിക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ സ്ഥാപനപരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ ഫീൽഡ് തല പരിശോധന നടത്തി കണ്ടെത്തി തയ്യാറാക്കുന്നതിന് പകരം സാമ്പത്തികവർഷാവസാനം ലൈസൻസെടുത്ത സ്ഥാപനങ്ങളെ വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച പട്ടികയായാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഓഡിറ്റ് തിയ്യതി വരെയും 2021-22 വർഷത്തേക്കുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും മേൽ സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന രീതിയിലല്ല നിലവിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ 25.09.2021 തിയ്യതിയിലെ 03/2020-21 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. എന്നാൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ടെന്ന് അപാകത ആവർത്തിച്ചതിൽ നിന്നും വ്യക്തമാകുന്നു. താഴെ പറയുന്ന നടപടികൾ കൈക്കൊണ്ട് അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി ഫീൽഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പ്രതിമാസം പട്ടിക കാലികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
2. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച .

കെട്ടിടനിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധചെലുത്തിയിട്ടുണ്ട്. നടപടിക്രമങ്ങളിൽ മാതൃകാപരമായ മാറ്റങ്ങൾ പ്രാവർത്തികമാക്കുന്നതിനും സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട് (ഖണ്ഡിക 1-10 കാണുക). കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

കാലപരിധി പിന്നിട്ട പെർമിറ്റുകളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.

മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനമോ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ടോ ഏർപ്പെടുത്തിയിട്ടില്ല.

മേൽ അപാകത മൂലം കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തി യഥാസമയം നടപടി സ്വീകരിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല.

ഫീൽഡ്തല പരിശോധനയുടെ അഭാവം

2020-21 വർഷത്തിൽ 62 കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. (പെർമിറ്റിൽ നിന്നും വ്യതിചലിച്ച് അധിക നിർമ്മാണം നടത്തിയവ ഉൾപ്പെടെ) പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനം നിരീക്ഷണ-പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഫീൽഡ്തല ചുമതലയുള്ള ജീവനക്കാരെ ഉപയോഗിച്ച് മേൽ നിർമ്മാണങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വാണിജ്യാവശ്യത്തിന് ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളുടെ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഏരിയയിൽ താത്കാലിക നിർമ്മാണങ്ങൾ നടത്തി വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത സ്ഥാപന പരിധിയിൽ ദൃശ്യമാണ്. ഇത്തരം നിർമ്മാണങ്ങളെ ഫീൽഡ്തല പരിശോധനയിലൂടെ കണ്ടെത്തി നടപടിയെടുക്കുന്നതിലും സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർനടപടിയില്ല.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച 96 കെട്ടിടങ്ങളുണ്ട്. മേൽ കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ളിയൂ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കാലപരിധി പിന്നിട്ടതും നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ പെർമിറ്റുകളെ പെർമിറ്റ് രജിസ്റ്ററിനെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത നിർമ്മാണങ്ങളുടെ തത്സ്ഥിതി ഫീൽഡ്തല പരിശോധനയിലൂടെ നിരീക്ഷിക്കേണ്ടതുമാണ്.
2. അനധികൃത നിർമ്മാണങ്ങൾ, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ എന്നിവ യഥാസമയം കണ്ടെത്തി നടപിടകൾ സ്വീകരിക്കുന്നതിനും നിർമ്മാണാനന്തരമുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനുമായി ഫീൽഡ് തല പരിശോധനാ ചുമതലയുള്ള ജീവനക്കാരുടെ ചുമതലകൾ പുനക്രമീകരിക്കേണ്ടതാണ്.
3. കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ളിയൂ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും വസ്തുനികുതി ചുമത്തിയില്ല.

ജയന്തി.കെ.പി, എൻ.മിഥുൻ, എൻ.ബബിത, എൻ.ജുബിത നരിക്കളത്തിൽ, പാലയാട് നട, വടകര എന്നവരുടെ ഉടമസ്ഥതയിലുള്ള 2/198, 2/199 നമ്പറുകൾ അനുവദിച്ചിട്ടുള്ള കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം സഞ്ചയ പ്രകാരം 1062 ച.മീ ആണ്. എ3/228/2020 നമ്പർ ഫയൽ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1636.51 ച.മീ ആണ്. ആയതിൽ നിന്നും കെട്ടിടത്തിന്റെ 574.51 ച.മീ വിസ്തീർണ്ണ ഭാഗത്തിന് വസ്തുനികുതി ബാധകമായിട്ടില്ലെന്നത് വ്യക്തമാണ്.

അപേക്ഷകർ 12.06.2008 തിയ്യതിയിലെ 1044/2008 നമ്പർ ഫയൽ പ്രകാരം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റ ആകെ വിസ്തീർണ്ണം മൂന്ന് നിലകളിലായി (തറനില, ഒന്നാം നില, രണ്ടാം നില ) 1594.53 ച.മീ ആണ്. അപേക്ഷകർക്ക് 26.10.2005 തിയ്യതിയിലെ BL/204/05-06 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയത് പ്രകാരമാണ് സ്ഥാപനം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് മേൽ ഫയലിൽ നിന്നും വ്യക്തമാണ്.

എ3/228/2020 നമ്പർ ഫയൽ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 1636.51 ച.മീ ആണ്. എന്നാൽ 12.06.2008 തിയ്യതിയിലെ 1044/2008 നമ്പർ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 1594.53 ച.മീ ആണ്. കംപ്ലീഷൻ പ്ലാനിൽ നിന്നും അധികരിച്ച 42.02 ച.മീ നിർമ്മിതി രണ്ടാം നിലയിലൂടെ മുകളിലുള്ള ഗോവണി മുറിയുടേതാണെന്ന് പ്ലാനിൽ നിന്നും വ്യക്തമാണ്. ആയതിനാൽ കെട്ടിടത്തിന്റെ അധിക വിസ്തീർണ്ണം അനധികൃത നിർമ്മാണമല്ലെന്നത് വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള പാർക്കിംഗ് സ്ഥലം പരിവർത്തനം ചെയ്തിട്ടില്ലെന്ന് ഉറപ്പ് വരുത്തി (2008 ൽ ബാധകമായ ചട്ടങ്ങൾ പ്രകാരം) കെട്ടിടത്തിന്റെ 1062 ച.മീ കവിഞ്ഞ വിസ്തീർണ്ണത്തിന് കെട്ടിടനികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-15 തനത് വരുമാന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല**

സ്ഥാപനത്തിലെ പ്രധാന വരുമാന സ്രോതസ്സുകളായ നികുതിയിനങ്ങളിലും ഡി &ഒ ലൈസൻസ് ഇനത്തിലും സാധ്യമായ പരമാവധി നികുതി ഡിമാന്റ് ഉറപ്പുവരുത്താൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. പ്രധാന നികുതിയിനമായ തൊഴിൽ നികുതിനത്തിൽ നൂറ് ശതമാനം ഡിമാന്റ് ഉറപ്പുവരുത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 2018-19വർഷത്തെ റിപ്പോർട്ടിൽ (ഖണ്ഡിക 1-8) നിർദ്ദേശിച്ചിരുന്നു.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

3) തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുകയും ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നടപടികൾ പൂർണ്ണമാക്കിയിട്ടില്ല.

കെട്ടിട നികുതിയുടെ കാര്യത്തിൽ അനധികൃത നിർമ്മാണത്തിന്റേയും കൂട്ടിച്ചേർക്കലുകളുടേയും സാധ്യത വലിയ അളവിൽ നിലനില്ക്കുന്നതായി അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററും , റഗുലറൈസേഷൻ ഫീസിന്റെ വിശദാംശവും വ്യക്തമാക്കുന്നുണ്ട്.താഴെ പറയുന്ന നടപടിക്രമങ്ങൾ സ്വീകരിച്ച് നികുതി ഡിമാന്റ് നൂറ് ശതമാനമാക്കാനുള്ള ശ്രമങ്ങളും സ്ഥാപനം സ്വീകരിച്ചിട്ടില്ല.

1) സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക;

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും , കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത

പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുക

3) അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തുക

4) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകുക/നടത്തുക

ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും മേൽ നടപടികൾ സ്വീകരിച്ച് തനത് വരുമാന വർദ്ധനവ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 109/20-21 | പരക്കണ്ടി - കീരൻകുന്നാരി താഴെ റോഡ് | 212000 | 211205 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/20-21/28.09.21) മറുപടി നല്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

|

## 1-17 ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തി

2020-21 വർഷത്തെ പൊതു മരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ പ്രവൃത്തിക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | പ്രോജക്റ്റ് നം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | എൻ.എച്ച് - ഷെറീന കോട്ടേജ് റോഡ് | 135 | 300000 | ഇല്ല |
| 2 | എൻ.എച്ച് - ഷെറീന കോട്ടേജ് റോഡ് | 233 | 410000 | 392888 |
| 3 | കായന്റെകത്ത് -വാണികപീടികയിൽ ഡ്രയിനേജ് കം സ്ലാബ് | 180 | 500000 | 500000 |

| | | | | |
|---|---|---|---|---|
| 4 | കായന്റെകത്ത് -വാണികപീടികയിൽ ഡ്രയിനേജ് കം സ്ലാബ് | 182 | 110318 | 100000 |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒരേ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. കൃത്യമായ ആസൂത്രണത്തിന്റ അടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കിയത് എന്ന് ഇത് വ്യക്തമാക്കുന്നു. ഒരുറോഡിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടികണ്ട് പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിനുപകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത് കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടിവരികയും പദ്ധതി പൂർത്തീകരണ ത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലില്ലുള്ള പ്രവൃത്തികളിലൂടെ ഉണ്ടാവുമായിരുന്ന ടെണ്ടർ നടപടികളുടെ മത്സരക്ഷമതയും, ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യ വും ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും, ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. അപാകത വിശദീകരിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഓഡിറ്റ് വർഷം ആകെ 108 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 28 എണ്ണത്തിൽ തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയ 80 എണ്ണത്തിൽ 44 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളുമാണ്. ഓരോ വർഷവും അംഗീകാരം നൽകുന്ന പുതിയ പദ്ധതികൾ തൻവർഷം നടപ്പാകാതെ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആകുന്ന പ്രവണത തുടർച്ചയായി കാണുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തോതിൽ ഫണ്ട് നഷ്ടമുണ്ടാവുന്നു,മാത്രമല്ല പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഓഡിറ്റ് വർഷം ഈ മേഖലയ്ക്ക് വകയിരുത്തിയ 32300014/- രൂപയിൽ 20749237/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.
2. ഭൂരിഭാഗം റോഡ് പ്രവൃത്തികളുടെയും അടങ്കൽ 2 ലക്ഷത്തിനും 3 ലക്ഷത്തിനും ഇടയിലുള്ളതാണ്. ടെണ്ടർ ചെയ്ത മിക്ക പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല.
3. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.
4. തദ്ദേശഭരണസ്ഥാപനത്തിലെ വിവധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ്നെറ്റ് വർക്ക് പ്ലാൻ എന്നിവ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റ വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്റ്റുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്നുള്ള നിബന്ധന പാലിച്ചതായി കാണുന്നില്ല.

5) സ.ഉ.(കൈ) നം.11/2018.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ് ,റോഡ് ഇതര

ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

6. സ.ഉ.(കൈ) 11/2018/തസ്വഭവ.തിയ്യതി.29.01.2018 പ്രകാരമുള്ള ഉത്തരവ് ഖ. 11-2.ഇ പ്രകാരം 50000/- കൂടുതൽ അടങ്കൽ ഉള്ള മരാമത്ത് പ്രവൃത്തികൾ ഇ ടെൻഡർ മുഖേന നടപ്പിലാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവ ഇ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

7. ഓഡിറ്റ് വർഷം ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രവൃത്തി നടക്കുന്നതിനിടയിൽ റിവൈസ് ചെയ്തതായി കാണുന്നു.എന്നാൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യാനുണ്ടായ കാരണം സൂചിപ്പിച്ചുകൊണ്ടുള്ള റിപ്പോർട്ട്,അതിന്റെ സാമ്പത്തിക ആഘാതം വ്യക്തമാക്കുന്ന വേരിയേഷൻ പത്രിക എന്നിവ മിക്ക ഫയലുകളിലും കാണുന്നില്ല. പ്രവൃത്തികളുടെ ആധിക്യംമൂലം സൈറ്റ് സന്ദർശിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്.

8. സ.ഉ.(സാധാ) നം.3119/2016/തസ്വഭവ/17.11.2016 പ്രകാരം പ്രാദാശിക സർക്കാരുകൾ ഏറ്റെടുക്കുന്ന 10 ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് ഓഡിറ്റ് വർഷം ചില റോഡ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

9. ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

10. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, സെലക്ഷൻ നോട്ടീസ് കോപ്പി, കരാറുകാർക്ക് സൈറ്റ് കൈമാറിയതിന്റെ രേഖ, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

11. എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി.തുക, സെക്യൂരിറ്റി തുക, കോൺട്രാക്ടറുടെ ഒപ്പ്, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി, എന്നി രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/28.9.21) മറുപടി നൽകിയിട്ടില്ല. മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് 2019 -20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും ഇവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടായിട്ടില്ല. ഓഡിറ്റ് വർഷം ഒരു എഞ്ചിനീയർ, ഒരു താൽകാലിക എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ എന്നിവരുടെ സേവനം ഈ മേഖലയിൽ ലഭ്യമായിട്ടും മുൻ വർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നതായി കാണുന്നു. പശ്ചാത്തലമേഖലയിൽ വകയിരുത്തിയ തുകയിൽ നല്ലൊരുഭാഗം ഇപ്പോഴും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതി എന്നിവയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയുള്ള അടങ്കലിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കി പ്രധാന റോഡുകൾ പൂർണ്ണമായും ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക. ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കുന്നത് ഒഴിവാക്കുക.

2) ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക

3) മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

4) ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുക.

5) പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭ, വർക്കിംഗ്ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലേയും പദ്ധതികൾ അതാത് ഗ്രാമസഭകൾ അംഗീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

6) പൂർത്തിയാക്കുന്ന ഓരോ പദ്ധതിയും വിശദമായി മോണിറ്ററിംഗ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

## 1-19 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/20-21/17.9.21) മറുപടി നൽകിയിട്ടില്ല.

സ്ഥാപനത്തിന്റെ 2018 – 19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയത്തിൽ വിശദമായ പരാമർശം ഉണ്ടായിരുന്നു ( ഖ-1-10 കാണുക). എന്നാൽ ഇതിൽ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഈ വിഷയത്തിൽ ചർച്ച നടന്നതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്ന ഗൗരവമായ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. അപാകത പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| 107/21 | കാരോൽ മീത്തൽ – കാരോൽതാഴെ റോഡ് | 396823 |
| 111/21 | മീത്തലെ മേറങ്കോട്ട് – വടക്കേ മേറങ്കോട്ട് റോഡ് | 297004 |
| 112/21 | അനിശത്താംകണ്ടി – കുനിയക്കണ്ടി റോഡ് | 207920 |
| 113/21 | ചാമുണ്ഡേശ്വരി – തരിശ്ശിൽ മുക്ക് റോഡ് | 220000 |
| 114/21 | റേഷൻഷോപ്പ് – കുടുംബിയിൽതാഴെ റോഡ് | 153347 |

06/08/2020ലെ ഭരണസമിതിയുടെ 06/109(17)20 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ 2020-21 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാരിന്റെ 68228/ എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയ്യതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗതാഗതയോഗ്യമാക്കേണ്ടവയായി 150 റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുണ്ട്. ഇതിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതിക്കായി വകയിരുത്തിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-21 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗങ്ങൾക്ക് ഭക്ഷണ വിതരണം നടത്താതെ ഹെൽപ്പർക്ക് ഹോണറേറിയം മാത്രം നൽകി.

പ്രോജക്ട് നം-149/20-21

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ-68843

ചെലവ് -66000/-(ബിൽ നം-15/1-03-21)

ഗ്രാമപഞ്ചായത്തിലെ ഏഴാംവാർഡിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ അംഗങ്ങൾക്ക് ഭക്ഷണവും ആയ/വർക്കർക്ക് നിലവിലെ സർക്കാർഉത്തരവ് പ്രകാരമുള്ള ഹോണറേറിയം അനുവദിക്കുക എന്ന ലക്ഷ്യത്തോടെയാണ് 350000/- രൂപ അടങ്കലിൽ പ്രോജക്ട് രൂപീകരിച്ച് ഡി.പി.സി അംഗീകാരം നേടിയിരുന്നത്. എന്നാൽ പിന്നീട് പദ്ധതി റിവൈസ് ചെയ്ത് അടങ്കൽ തുക 68843 ആയാണ് പദ്ധതി നിർവ്വഹണം ചെയ്തിരിക്കുന്നത്. ആകെ 22 പേരാണ് 2020 മാർച്ച്മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിൽ ഉണ്ടായിരുന്നത്.ഓഡിറ്റ് വർഷം നിർവഹണ ഉദ്യോഗസ്ഥ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തക ശ്രീമതി പി.വിനോദിനിക്ക് 2020-21വർഷത്തെ വേതനമായി 66000 രൂപ പദ്ധതിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാകളക്ടറുടെ 3-08-20ലെ നം DCKKD /1713/20 ഉത്തരവിൽ കോവിഡ് 19 രോഗവ്യാപനത്തിന്റെ പാശ്ചാത്തലത്തിൽ ബഡ്സ് സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കാത്തതിനാൽ ഭിന്നശേഷിവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ബഡ്സ് സ്കൂളുകളിൽ പോകുന്നതിന് ഇപ്പോൾ സാധിക്കുന്നില്ല. ടി കുട്ടികൾക്ക് ഭക്ഷണലഭ്യത ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ് ആയതിനാൽ തങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികൾക്കും ഭക്ഷ്യലഭ്യതയുണ്ടെന്ന് ഉറപ്പാക്കുന്നതിനും അത് ഗുണഭോക്താക്കൾക്ക് എത്തിച്ചുനൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നപക്ഷം കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക്അനുമതി നൽകി ജില്ലാകളക്ടർ ഉത്തരവായിട്ടുണ്ട്. പ്രോജക്ടിൽ ഭക്ഷ്യധാന്യത്തിനാവശ്യമായ തുക വകയിരുത്തിയിരുന്നിട്ടും ബഡ്സ് റീഹാബിലിറ്റേഷനിലെ അംഗങ്ങൾക്ക് തദ്ദേശഭരണസ്ഥാപനം ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാതെ ബഡ്സ് റീഹാബിലിറ്റേഷൻ

പ്രവർത്തകയ്ക്കക്ക് വേതനം നൽകൽമാത്രം നടപ്പിലാക്കലിനായി പദ്ധതിറിവൈസ്ചെയ്യുകയായിരുന്നു.സമൂഹത്തിലെ ഏറ്റവും കരുതൽ ആവശ്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കോവിഡ് മഹാമാരിക്കാലത്ത് അർഹമായ സഹായങ്ങൾ മുഴുവൻ ലഭ്യമാക്കുന്നതിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നും കൃത്യമായ ഇടപെടൽ ഉണ്ടാവാതെ പോയി. മേൽ വീഴ്ചക്ക് വിശദീകരണം നൽകേണ്ടതും അർഹമായ മുഴുവൻ സഹായവും ബഡ്സ് റീഹാബിലിറ്റേഷൻ അന്തേവാസികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-22 പോത്ത് കുട്ടി വിതരണം പദ്ധതിയിൽ എരുമകുട്ടികളെയും വിതരണം ചെയ്തു .

പ്രോജക്ട് നം- 97/20-21

നിർവ്വഹണം-വെറ്റിനറി സർജൻ

അടങ്കൽ -420000 (315000 (എസ്.സി.പി),105000(ഗുണഭോക്തൃവിഹിതം))

ചെലവ് -390000( 292500(എസ്.സി.പി),97500(ഗുണഭോക്തൃവിഹിതം))

എസ്.സി വിഭാഗത്തിൽപെട്ട വനിതകളായ 28 ഗുണഭോക്താക്കൾക്ക് 7 മാസം മുതൽ ഒരുവയസ്സ് വരെ പ്രായമുള്ള പോത്ത് കുട്ടികളെ ബ്രഹ്മഗിരി/പൊതുമാർക്കറ്റ് /ചന്ത എന്നിവിടങ്ങളിൽ നിന്നും കിലോ 150 രൂപ നിരക്കിൽ 100 കിലോ തൂക്കമുള്ള പോത്ത് കുട്ടികളെ വാങ്ങി വിതരണം നടത്തുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃസമിതി/വെറ്റിനറി സർജൻ മുഖേന 26 മൃഗങ്ങളെ ശ്രീ മുജീബ് .കെ.കെ എന്നയാളിൽ നിന്നും ഗുണഭോക്താക്കൾ വാങ്ങിച്ചിട്ടുണ്ട് . മൃഗങ്ങളെ ഇൻഷൂർചെയ്ത ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുടെ ഇൻഷൂർരേഖകൾ പരിശോധിച്ചതിൽ പോളിസി നം-443401/47/2021/1449 പ്രകാരം ഇൻഷൂർ ചെയ്ത അഞ്ച് മൃഗങ്ങളിൽ 4 എണ്ണവും, പോളിസി നം-443401/47/2021/1260 പ്രകാരം ഇൻഷൂർ ചെയ്ത 4 മൃഗങ്ങളും ഒരു വയസ്സ് പ്രയമുള്ള എരുമകുട്ടികളാണ്. പദ്ധതി ഗുണഭോക്താക്കൾക്ക് പോത്ത് കുട്ടികളെ വിതരണം ചെയ്യലാണ് എന്നിരിക്കെ എട്ട് എണ്ണം എരുമക്കുട്ടികളെ വിതരണം ചെയ്യാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

1-23 തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യതയില്ല.

ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രോജകറ്റായി നടപ്പാക്കിയ തെരുവ് വിളക്ക് എ.എം.സി പദ്ധതി ക്കായി 150000 രൂപ സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം 200000 രൂപ അടങ്കലിൽ രൂപീകരിച്ച പദ്ധതിയിൽ കരാറുകാരന് നൽകിയ 50000രൂപ കഴിച്ച് ബാക്കിതുകയാണ് ഓഡിറ്റ് വർഷം സ്പിൽഓവറായി നൽകിയിരിക്കുന്നത്.നോട്ട്ഫയൽ പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള 722 തെരുവ് വിളക്കുകളിൽ രണ്ട് വർഷവാറണ്ടിയോട് കൂടി 2017-18 വർഷം സ്ഥാപിച്ച 148 പുതിയ എൽ.ഇ.ഡി വിളക്കുകളും,2018-19ൽ സ്ഥാപിച്ച 153 പുതിയ എൽ.ഇ.ഡി വിളക്കുകളും കഴിച്ചുള്ള 421 വിളക്കുകൾക്കാണ് എ.എം.സി വച്ചിരുന്നത്. 2019 ജനവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്കാണ് എ.എം.സി വച്ചിരുന്നത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കേടായ വിളക്കുകൾ റിപ്പയർചെയ്ത് നൽകിയിട്ടുണ്ട് എന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. 2020-21 വർഷം സ്പിൽഓവർ പദ്ധതിയായി നടപ്പാക്കിയ പ്രോജക്ട് നം-215/20-21 പദ്ധതിയിൽ രണ്ട് വർഷവാറണ്ടിയോടുകൂടി 244 എൽ.ഇ.ഡി വിളക്കുകൾ കൂടി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അങ്ങിനെയെങ്കിൽ 2020-21 വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 966 തെരുവ് വിളക്കുകൾ ഉണ്ടാവേണ്ടതാണ്. പഞ്ചായത്തിൽ 2021-22 വർഷത്തിൽ നിലാവ് പദ്ധതിയിൽപ്പെടുത്തി കെ.എസ്.ഇ.ബി 476 എൽ.ഇ.ഡി തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച നൽകിയിട്ടുണ്ട്. അങ്ങിനെയെങ്കിൽ പഞ്ചായത്തിൽ ആകെ 1442 തെരുവ് വിളക്കുകൾ നിലവിലുണ്ടാവേണ്ടതാണ് എന്നാൽ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയരുടെ 28/07/2021 ലെ DB/AE/ES/KS/Nilavu Scheme Billing/2021-22/74 റിപ്പോർട്ട് പ്രകാരം നിലാവ് പദ്ധതിയുടെ ഭാഗമായി മാറ്റിസ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ പുനക്രമീകരിച്ച് ബില്ലിംഗിൽ വരുത്തിയ മാറ്റം പ്രകാരം ആകെ 755 തെരുവ് വിളക്കുകളാണ് പഞ്ചായത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതും ബിൽ തയ്യാറാക്കിനൽകിയിട്ടുള്ളതും. മുൻവർഷങ്ങളിൽ എ.എം.സി വച്ച് പ്രവർത്തിച്ചുവന്ന തെരുവ് വിളക്കുകളും രണ്ട് വർഷ വാറണ്ടിയോടെ സ്ഥാപിച്ച നൽകിയ തെരുവ് വിളക്കുകളുടെ എണ്ണവും കെ.എസ്.ഇ ബി പുനക്രമീകരിച്ച് നൽകിയ നിലവിലെ ബിൽ പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണത്തിലുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്. കെ.എസ്.ഇ.ബി നിലവിലെ വിളക്കുകൾ മാറ്റിസ്ഥാപിച്ചതാണെങ്കിൽ പ്രസ്തുത വിളക്കുകൾ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർക്കും നെൽകൃഷിക്ക് കൂലിചെലവ് ധനസഹായം നൽകി.

പ്രോജക്ട് നം-187/21

അടങ്കൽ -383000 (108000-വികസനഫണ്ട്,125000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 150000-ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -306000 (108000-വികസനഫണ്ട്,90000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 108000-ജില്ലാപഞ്ചായത്ത് വിഹിതം)

2020-21 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ നെൽകൃഷിക്ക് കൂലിചെലവ് പദ്ധതിക്കായി ആകെ 58 ഗുണഭോക്താക്കളെയാണ് പഞ്ചായത്ത് തെരഞ്ഞെടുത്ത് നൽകിയിട്ടുള്ളത് ഇതിൽ 25 പേർക്കാണ് പദ്ധതിയിൽ സഹായം നൽകിയിരിക്കുന്നത്. ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിക്കായി പഞ്ചായത്ത് അംഗീകരിച്ച നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നില്ല .

| ഗുണഭോക്താക്കൾ | വികസന ഫണ്ട് | ജില്ലാപഞ്ചായത്ത് വിഹിതം | ബളോക്ക്പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|---|
| സോഹന | 2400 | 2400 | 2000 | 6800 |
| സരോജിനി.കെ | 1440 | 1440 | 1200 | 4040 |
| വികാസ് | 1440 | 1440 | 1200 | 4040 |
| ഭാസ്കരൻ നായർ | 1560 | 1560 | 1300 | 4420 |
| വിലാസിനി | 1440 | 1440 | 1200 | 4040 |
| ഗീത.കെ.കെ | 960 | 960 | 800 | 2720 |
| രാജി | 1200 | 1200 | 1000 | 3400 |
| സുനിത | 816 | 816 | 680 | 2312 |
| | | | ആകെ | 31772 |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നെൽകൃഷിക്ക് കൂലിചെലവ് പദ്ധതിയിൽ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ ധനസഹായമായ 31772/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിലവിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. 2001 മുതൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനത്തിന് 2015 ൽ സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കുടിവെള്ളം ഇല്ല. സ്വന്തമായി വാഹനം ഇല്ല. സ.ഉ.(കൈ) നം.22/2018/തസ്വഭവ.തി.14.02.2018 ഉത്തരവിൽ സൂചിപ്പിച്ച യോഗ്യതയുള്ള ടീച്ചറെ ഇതുവരെ നിയമിച്ചിട്ടില്ല. ഒരു ആയ മാത്രമേ സ്ഥാപനത്തിലുള്ളൂ ഇവർ തന്നെയാണ് ടീച്ചറുടെയും ജോലി ചെയ്ത് വരുന്നത്. സ്ഥാപനത്തിൽ 28 ഗുണഭോക്താക്കൾ റജിസ്റ്റർ ചെയ്തതിൽ സ്ഥിരമായി ഹാജരാകുന്നത് 25പേരാണ്. സ്ഥാപനത്തിന് സർക്കാർ

അംഗീകാരം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. കുടുംബശ്രീ മിഷനിൽ നിന്നും സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 27.09.2018 ന് ലഭിച്ച 1200000/- രൂപ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. 2020 – 21 സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥികളുടെ ഭക്ഷണത്തിന് വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ ഭരണം,വികസനം,ക്ഷേമം എന്നീ കാര്യങ്ങൾ ഉറപ്പുവരുത്താൻ സ.ഉ.(എം.എസ്)152/2009/ തസ്വഭവ.തി.01.08.2009 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും,സി.ഡി.എസ് ചാർജ് ഓഫീസർ സെക്രട്ടറി ആയും ബഡ്സ് വികസന മാനേജ്മെന്റ് സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഈ കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

<u>1-26 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.</u>

പ്രോജക്ട് നം-40/19-20

അടങ്കൽ -100000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ്-100000/(ബിൽ നം-2/20-21 തിയ്യതി-2.02.2021)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ആയുർവ്വേദം

ഹോമിയോ ആശുപത്രിക്ക് (എൻ.എച്ച്.എം) മരുന്ന് വാങ്ങുന്നതിനായി 100000/-രൂപ 02.02.2021 നിർവ്വഹണ ഉദ്യോഗസ്ഥൻ ആലപ്പുഴ ഹോംകോയ്ക്ക് കൈമാറി. ഓഡിറ്റ് തിയ്യതി വരെ മരുന്നുകളൊന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-16/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

<u>1-27 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് വിതരണം-പഠനം പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് ആനുകൂല്യം അനുവദിച്ചു.</u>

പ്രൊജക്ട് നമ്പർ – 50/20-21

നിർവ്വഹണം-ഫിഷറീസ് സബ്-ഇൻസ്പെക്ടർ

വകയിരുത്തിയ തുക – 150000(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവുതുക – 137300 (ബിൽ നമ്പർ -2/20-21 തിയ്യതി-28.03.2021)

മത്സ്യ തൊഴിലാളികളുടെ മക്കളായ ബിരുദ-ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി തയ്യാറാക്കിയത്. ഇത് പ്രകാരം വിദ്യാർത്ഥികളായ 5 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും 27460 രൂപ നിരക്കിൽ ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തു. ലാപ്ടോപ്പ് അനുവദിക്കപ്പെട്ട വിദ്യാർത്ഥികളിൽ ഒരാളായ കുമാരി. കീർത്തി പി.ടി D/O രഘുനാഥ് എന്ന വിദ്യാർത്ഥിനി 2020 മാർച്ച് മാസം ബി.ഡി.എസ് ബിരുദം പൂർത്തിയാക്കിയതായി കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പഠനം പൂർത്തീകരിച്ച ഗുണഭോക്താവിന് ലാപ്ടോപ്പ് വിതരണം ചെയ്യാനുണ്ടായ കാരണം വിശദീകരിക്കമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം-15/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>1-28 കോവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) ,പട്ടിക മൂന്ന് പ്രകാരം സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലകളിൽപ്പെടുന്ന ആരോഗ്യശുചിത്വ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കോവിഡ് 19 എന്ന സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിൽ ഈ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം പ്രാധാന്യമർഹിക്കുന്നു. 2019മാർച്ച് മാസം മുതലിങ്ങോട്ടുള്ള കോവിഡ് നിയന്ത്രണ,പ്രതിരോധപ്രവർത്തനങ്ങൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളുമനുസരിച്ച് നിർവ്വഹിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് വിവിധ സംവിധാനങ്ങളുടെ മിനിട്സുകളും ചെലവ് രേഖകളും വ്യക്തമാക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതി ,ആരോഗ്യവിദ്യഭ്യാസ സ്റ്റാന്റിംഗ്

കമ്മിറ്റി എന്നിവ ഈ സംവിധാനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ചെലവ് പരിഗണിക്കുമ്പോൾ, കോവിഡ് നിയന്ത്രണപ്രവർത്തനങ്ങൾ സജീവമായ 2020-21 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 360059/-രൂപ പകർച്ചവ്യാധി നിയന്ത്രണ ഹെഡ്ഡിൽ നിന്നും കോവിഡ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. കോവിഡ് കെയർ സെന്റർ നടത്തിപ്പ്,സി.എഫ്. , കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പ് തുടങ്ങിയ കാര്യങ്ങൾക്കാണ് 360059/-രൂപ ചെലവഴിച്ചിരിക്കുന്നത്. കൂടാതെ കോവിഡ് ട്രീറ്റ്മെന്റ് സെന്ററിലുൾപ്പടെ ഫർണ്ണിച്ചറുകൾ,സ്റ്റേഷനറികൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും സമാഹരിച്ച് ഉപയോഗപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ചെലവ് ഉൾപ്പടെ നാളിതുവരെ 821066/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 608032/- രൂപയുടെ ചെലവ് ,ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാൻ അർഹതയുള്ളതാണ്. എന്നാൽ നാളിതുവരെ 373278/-രൂപ മാത്രമാണ് തിരികെ ലഭിച്ചത് . അവശേഷിക്കുന്ന തുകയും ഭാവിയിൽ വരാനിരിക്കുന്ന തുകയും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

കോവിഡ് പൂർണ്ണമായും നിയന്ത്രണവിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥാ വിശേഷം ,ജില്ലയിലെ മിക്ക പഞ്ചായത്തുകളിലുമെന്നതു പോലെ ഗ്രാമപഞ്ചായത്തിലുമുണ്ട്. ഇത് പരിഹരിക്കുന്നതിന് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുടെ,പ്രത്യേകിച്ച് ആർ ആർ ടിമാർ, സെക്ടറൽ മജിസ്ട്രേറ്റ്, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും, വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നല്കേണ്ടതുമുണ്ട്. ഇത് നിർവ്വഹിക്കേണ്ടതും ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കേണ്ടതും സ്ഥാപനത്തിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണെന്നത് ശ്രദ്ധയിൽപെടുത്തുന്നു.

## 1-29. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി.

താഴെ പറയുന്ന മേഖലകളിൽ ഭാഗികമായി ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മേൽ മാറ്റങ്ങൾ ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി പൊതുജനങ്ങൾക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്തിനെ സഹായിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സെക്ഷനിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവന്നത് പ്രകടമാണ്. അപേക്ഷകളിൽ സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററുകളിൽ നിർമ്മാണ പൂർത്തീകരണം വരെയുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സെക്ഷനിൽ നിന്നും അപേക്ഷകളിന്മേൽ വിശദമായ പ്രാഥമിക പരിശോധന നടത്തുന്നതിനാൽ അടിസ്ഥാനപരമായ സാങ്കേതിക അപാകതകൾ ഫീൽഡ് പരിശോധന നടത്താതെ തന്നെ തിരിച്ചറിയുന്നതിനും സാങ്കേതികവിഭാഗം ജീവനക്കാരുടെ മനുഷ്യശേഷി ഫലപ്രദമായി വിനിയോഗിക്കാനും സാധിക്കുന്നു. കുറിപ്പുഫയലുകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലായി തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 220 ബിയിൽ നിഷ്കർഷിക്കും വിധമുള്ള ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് റോഡുകൾ വിജ്ഞാപനം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഓഡിറ്റ് പരിശോധനക്ക് കാലതാമസമില്ലാതെ ഫയലുകൾ ലഭ്യമാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.
2. കോവിഡ് കാലഘട്ടത്തിലും വസ്തുനികുതി 100 ശതമാനം പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. (ഡിമാന്റ് പൂർണ്ണമല്ലെന്ന അപാകത നിലനിൽക്കുന്നു.) ഇ-പേമെന്റ് മുഖേനയുള്ള നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി നവ മാധ്യമങ്ങളിലടക്കം പ്രചരണ-ബോധവത്കരണ പരിപാടികൾക്ക് പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ടെന്നത് ഗുണപരമായ മാറ്റമാണ്.
3. വ്യാപാര-വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഉടമകളിൽ നിന്നും നോട്ടീസ് നൽകി റിട്ടേൺ ഈടാക്കി തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ പഞ്ചായത്തിന്റെ പ്രവർത്തനം താരതമ്യേന മികച്ചതാണ്. മേൽ പരാമർശിച്ച മാറ്റങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്നതും ഈ റിപ്പോർട്ടിൽ ചൂണ്ടി കാണിച്ചതുൾപ്പെടെയുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതും എല്ലാ മേഖലകളിലും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 90000 | 32/20-21.നെൽകൃഷി കൂലിച്ചെലവ്-സബ്സിഡി | 90000 | 0 |
| | 2020-21 | 50000 | 30/20-21.പച്ചക്കറി കൃഷിക്ക് തൈ വിതരണം-വനിത | 0 | 50000 |
| | 2020-21 | 200000 | 64/20-21.പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും | 46300 | 153700 |
| | 2020-21 | 1578100 | 14/20-21.ലൈഫ് ഭവനപദ്ധതി | 330000 | 1248100 |
| | 2020-21 | 275000 | 53/20-21.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.ബത്ത | 275000 | 0 |
| | 2020-21 | 200000 | 80/20-21.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6000 | 30/20-21.പച്ചക്കറി കൃഷിക്ക് തൈ വിതരണം-വനിത | 6000 | 0 |
| | 2020-21 | 10800 | 32/20-21.നെൽകൃഷി കൂലിച്ചെലവ്-സബ്സിഡി | 10800 | 0 |
| | 2020-21 | 20000 | 34/20-21.വിഷരഹിത ഫലം-ഫലവൃക്ഷ തൈ വിതരണം | 20000 | 0 |
| | 2020-21 | 150000 | 37/20-21.മുട്ടഗ്രാമം പദ്ധതി | 150000 | 0 |
| | 2020-21 | 125000 | 38/20-21.പോത്തുകുട്ടി ഗ്രാമം | 125000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 275000 | 53/20-21.ഭിന്നശേഷി സ്കോളർഷിപ്പ്,ബത്ത | 275000 | 0 |
| | 2020-21 | 100000 | 80/20-21.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 2020-21 | 225000 | 160/20-21.ക്ഷീരഗ്രാമം വനിത | 225000 | 0 |
| | 2019-20 | 51876 | 183/20-21.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 51876 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 70407 മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| P.W.D | പഞ്ചായത്ത് ഓഫീസിൽ നെറ്റവർക്ക് സൗകര്യം ഒരുക്കൽ | 22000810/17.02.2021 | 70407 | 70407 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 111/2018 ത.സ്വ ഭ വ തിയതി 13-08-2018 | (തൻവർഷ വായ്പ - + മുൻബാക്കി 8080000 = 10960000) | 10195294 | 848628 | 0 | 9346666 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1782663 |
| തൻവർഷം നിക്ഷേപിച്ച തുക | 138156 |
| ആകെ | 1920819 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1920819 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മേലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 31.03.2020 | 12 മാസം | 1920819 |
| ആകെ | | | | 1920819 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18777 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 16497 | അസി.എഞ്ചിനീയർ ,ചെങ്ങോട്ട്കാവ് | 100753/28.07.2020 |
| 2018-19 | 1-8 | 240 | ശ്രീ.സുരേഷ്കുമാർ,തുഷാര ഹോട്ടൽ | 102303/24.12.2020 |
| 2018-19 | 1-8 | 240 | ശ്രീ.സുനീഷ്കുമാർ,തുഷാര ഹോട്ടൽ | 102304/24.12.2020 |
| 2018-19 | 1-8 | 1440 | കീർത്തന ബേക്കറി | 102480/07.01.2021 |
| 2018-19 | 1-8 | 360 | ബാഫഖി അസോസിയേറ്റ്സ് | 104142/04.03.2021 |
| ആകെ | | 18777 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | തടസ്സം തുടരുന്നു |
| 2000-01 | | 2004-05 | പൊതുപരാമർശം 11.1.3.8 | നികുതിപിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.5.6 | വനിത ഗ്രൂപ്പ് പച്ചക്കറികൃഷി | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-7,2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1)<br>3-8 (2) | | LF17065/ സ്പെ. സെൽ/ എസ്.സി.5 എ/09 തീ. 30.10.2009 | 8457<br>4605<br>5531 | | | | | | 8457<br>4605<br>5531 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70992525 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70702110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 131772 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

169072/-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 31772 | ശ്രീമതി.വിദ്യാ ബാബു കൃഷി ഓഫീസർ |
| 1-26 | 100000 | ഡോ.ശിവപ്രസാദ്, മെഡിക്കൽ ഓഫീസർ , ആയുർവേദം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വിദ്യാ ബാബു കൃഷി ഓഫീസർ | കൃഷി ഓഫീസർ,ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | ദേവദേയം,ഉവ്വക്കോട്, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 10 | 22, 33എ,32, 33, 34, 35(1),(2), 37,38, 42, 48 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി/പി 13/867/ 2019(1)തിയ്യതി-02.09.2019 | 9 | 7,8,9,10,11,12, 13,14,15 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി 13/867/ 2019(1)തിയ്യതി-02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/ പി13/867/2019(1)തിയ്യതി-02.09.2019 | 3 | /867/ 3-2,3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/ പി13/867/2019(1)തിയ്യതി-02.09.2019 | 4 | 2-1, 3-3,3-6,3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി /പി6/ 744/2009 തിയ്യതി.06/08/2009 | 16 | 2-2(1),2-2(2),3-1,3-2,3-3, 3-4,3-6,3-6(1),3-6(2), 3-7,/867/3-8,3-9,3-10,3-11, 3-12,3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 | 4 | 1ഡി,3-3,3-4(എ),3-6 |

| | | | |
|---|---|---|---|
| | തിയ്യതി.21/05/2010 | | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(എ),2-4(1,2),2-4(4),2-5,<br>3-1,3-2,3-3,3-5,3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/813/2011 തിയ്യതി21.07.2011 | 18 | 2-4,2-5,2-7(എ മുതൽ എഫ് വരെ),2-8 മുതൽ 2-11വരെ,3-1 മുതൽ<br>3-5 വരെ,3-7 മുതൽ<br>3-11 വരെ,3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/92/2013 തിയ്യതി.11/02/2013 | 12 | 2-1,2-2,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി13/93/2013 തിയ്യതി.29/01/2013 | 12 | 3-1,3-2,3-3,3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11, 3-13 |
| 2011-12& 2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3,3-6,3-7,3-9,3-10 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8,2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-20 വരെ,<br>3-23/867/ മുതൽ 3-29 വരെ,<br>3-31,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1,2-2,2-3, 2-7,2-9,<br>3-2,3-3,3-4,3-5,3-7,3-9,<br>3-10,3-11,3-12,3-13,3-14,3-16,<br>3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി-18.12.17 | 18 | 2-4,2-6,2-7,3-3,3-4,3-5,<br>3-7,3-8(1,2,3,4,5,7),3-8 (8),3-9(2),3-9(4),3-11(2),<br>4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി8/718/2020 തീയതി-20.10.2020 | 3 | 2-2, 2-6,3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/1312/2020 തീയതി-28.12.2020 | 6 | 1-6,1-8(2),1-12,1-15(1),<br>1-18,1-<br>19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി8/488/2021 തിയതി-23.03.2021 | 23 | 1-1 മുതൽ 1-20വരെ, 3-1,<br>3-2,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്